# കോട്ടയം ഗ്രാമപഞ്ചായത്ത്

## ശിശുസൗഹൃദ ബജറ്റ് 2024-25

### ആമുഖം

കുട്ടികൾ രാജ്യത്തിന്റെ അമൂല്യസമ്പത്താണെന്ന കാഴ്ചപ്പാടോടെ കുട്ടികൾക്കനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുന്നതിനുവേണ്ടി ആഗോളതലത്തിൽ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് നമുക്ക് പ്രഥമ പരിഗണന നൽകേണ്ടതുണ്ട്. കുട്ടികളുടെ ക്ഷേമം മുൻനിർത്തി വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിക്കണം. ക്ഷേമപ്രവർത്തനങ്ങളിൽ ഏറിയ പങ്കും നേതൃത്വം നൽകുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. മാതൃകപരമായ പ്രവർത്തനം കുട്ടികളുടെ രംഗത്ത് നമുക്ക് കാഴ്ചവയ്ക്കാൻ ആവണം. ബാല സൗഹൃദം എന്ന ചിന്തയും, ആശയവും, പ്രവർത്തനവും വിവിധ പരിപാടികളിലൂടെ പഞ്ചായത്തിൽ ഉടനീളം വ്യാപിപ്പിക്കുവാൻ പദ്ധതികൾ ഉണ്ടാവണം. ഓരോ കുട്ടിയുടെയും അവകാശ സംരക്ഷണത്തിനും അതിന് വേണ്ട കർമ്മപരിപാടികൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ് നമ്മുടെ ബജറ്റ് റിവിഷൻ ചെയ്ത് അവതരിപ്പിക്കുന്നത്. കുട്ടികളുടെ ക്ഷേമവും, വികസനവും, അവകാശങ്ങൾക്ക് മുൻഗണന നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ചുറ്റുപാടുകളും നയങ്ങളും, സംവിധാനങ്ങളും കുട്ടികളുടെ ഉത്തമ താൽപര്യങ്ങൾ മുൻനിർത്തി രൂപീകരിക്കുന്നതാണ് ബാലസൗഹൃദം. അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ നാല് അവകാശങ്ങൾ ആണ് ഐക്യരാഷ്ട്രസഭ ബാല അവകാശ ഉടമ്പടിയിലൂടെ ഉയർത്തിക്കാട്ടുന്നത്. ബാലസൗഹൃദം എന്നത് വളരെ വിശാലമായ ഒരു കാഴ്ചപ്പാടാണ്. ഈ ആശയത്തെ മുൻനിർത്തി പ്രവർത്തിക്കുന്ന ഓരോ വ്യക്തിയും സ്വയം ബാലസഹൃദം ആകുക എന്നതാണ് ആദ്യമായി വേണ്ടത്. പൊതു തത്വങ്ങളും അവകാശങ്ങളും മനസ്സിലാക്കി പ്രവർത്തിക്കുന്നത് മുതൽ ഓരോരുത്തരുടെയും ചിന്തകളിലും പ്രവർത്തനങ്ങളിലും ബാലസൌഹൃദം പ്രതിഫലിക്കപ്പെടണം. ഓരോരുത്തരും ഇടപെടുന്ന മേഖലകളിൽ

എങ്ങനെ കൂടുതൽ കൂടുതൽ ബാല സൗഹൃദം ആക്കാം എന്ന ചോദ്യം സദാ മനസ്സിലുണ്ടാകേണ്ടത് അനിവാര്യമാണ്. ഇത്തരം ചോദ്യങ്ങൾ സ്വയം ചോദിക്കുന്നതിലൂടെയും പ്രവർത്തനങ്ങൾ കുട്ടികളുടെ കണ്ണുകളിലൂടെയും കാണാൻ ശ്രമിക്കുന്നതിലൂടെയും ഒരു ബാലകേന്ദ്രീകൃത സമീപനം രൂപീകൃതമാവുകയാണ്. ചുറ്റുമുള്ള വ്യക്തികളെയും സംവിധാനങ്ങളെയും കൂടി ഉൾപ്പെടുത്തുമ്പോൾ ബാലസൗഹൃദം എന്ന ആശയത്തിലേക്ക് കൂടുതൽ പങ്കാളികൾ ഉണ്ടാവുകയും ആശയം സമൂഹത്തിൻറെ വിവിധ മേഖലകളിൽ വ്യാപിക്കുകയും ചെയ്യും. വ്യക്തികളിൽ നിന്ന് കുടുംബത്തിലേക്കും കുടുംബങ്ങളിൽ നിന്ന് സമൂഹത്തിലേക്ക് ഈ ആശയത്തെ നയിക്കുവാൻ സാധിക്കുന്നതിനൊപ്പം കൂട്ടായ പ്രവർത്തനം നിർവഹിക്കാൻ സാധിച്ചാൽ ബാലസൗഹൃദം എന്ന ലക്ഷ്യം യാഥാർത്ഥ്യമാവും. നോക്കിലും, വാക്കിലും, ചിന്തയിലും, പ്രവർത്തിയിലും ബാലസൗഹൃദം യഥാർത്ഥമാക്കുവാൻ ഓരോ വ്യക്തികൾക്കും സാധിക്കണം. അങ്ങനെ വ്യക്തികളിലൂടെ കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും ബാലസൗഹൃദ അന്തരീക്ഷം സാധ്യമാക്കണം കുട്ടികളുടെ അവകാശ ഉടമ്പടിയിൽ സൂചിപ്പിക്കുന്നത് പോലെ സ്നേഹവും സുരക്ഷയും സന്തോഷവും സാധ്യമാകുന്ന അന്തരീക്ഷത്തിലുള്ള കുട്ടികളുടെ പൂർണമായ വളർച്ചയുടെ അത്യന്തികമായ ഫലം ബാലസൗഹൃദ സമൂഹത്തിലേക്ക് വഴിവെക്കും ബാലസൗഹൃദ പ്രവർത്തനങ്ങൾക്ക് എല്ലാ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും സഹകരണം അനിവാര്യമാണ്. ബാലസൗഹൃദ തദ്ദേശഭരണം എന്ന ലക്ഷ്യം യഥാർത്ഥമാകുന്നതിന് വേണ്ടിയുള്ള കോട്ടയം പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഏതാണ് ചൈൽഡ് ബജറ്റ് അവതരണം. ഇന്ത്യയിൽ തന്നെ ചൈൽഡ് ബജറ്റ് അവതരിപ്പിക്കുന്ന ആദ്യ പേരുകളിൽ ഒന്നായ തദ്ദേശസ്വയംഭരണ സ്ഥാപനമായി കോട്ടയം മാറുകയാണ്. 0 മുതൽ 18 വരെയുള്ള കുട്ടികൾ നമ്മുടെ നാടിന്റെ അഭിമാന താരങ്ങളായി മാറേണ്ടവരാണ്. നാടിന്റെ വാഗ്ദാനങ്ങളാണ് അവർ. സന്തോഷവും ആത്മാഭിമാനവും അന്തസ്സും നിറഞ്ഞ ഒരു കുട്ടിക്കാലം അവർക്ക് സാധ്യമാക്കേണ്ടത് നാം ഓരോരുത്തരുമാണ്. ആ ഒരു ചരിത്ര മുഹൂർത്തത്തിലേക്ക് നടക്കാനുള്ള ചരിത്രവഴിയാണ് ചൈൽഡ് ബജറ്റ് അവതരണം.

കോട്ടയം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ ശിശുസൗഹൃദ ബഡ്ജറ്റിംങ്ങ് റിവിഷൻ ഈ ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുകയാണ്. ആമുഖ പ്രസംഗം നടത്തിയ പ്രസിഡണ്ട്, തദ്ദേശ സ്വയംഭരണ വകുപ്പ് ജെഡി, ശിശുവികസന ജില്ലാ ഓഫീസർ, ജില്ലാ ബ്ളോക്ക് പഞ്ചായത്ത് അംഗങ്ങൾ, സെക്രട്ടറി, സ്റ്റാൻറിംങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ, മെമ്പർമാർ, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, കുട്ടികളുടെ പ്രതിനിധികൾ, മാധ്യമപ്രവർത്തകർ, ജീവനക്കാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ , നിങ്ങൾ ഏവരെയും ശിശുസൗഹൃദ ബഡ്ജറ്റിംങ്ങ് അവതരണത്തിനായുള്ള യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു. കോട്ടയം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ ബജറ്റ് ഫിബ്രവരി മാസം അവതരിപ്പിച്ച് അംഗീകാരം വാങ്ങിയതാണ്. എന്നാൽ ആ ബജറ്റിൽ കുട്ടികൾക്കായി കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നി മേഖലകളിൽ കൂടുതൽ പദ്ധതികളും തുകകളും ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല.

കോട്ടയം ഗ്രാമപഞ്ചായത്ത് ബാലസൗഹൃദമാക്കുന്നതിലൂടെ കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ നേടിയെടുക്കുന്നതിന് ആണ് ലക്ഷ്യമിടുന്നത്. നമ്മുടെ അങ്കണവാടികളും പ്രൈമറി തലം തൊട്ടുള്ള വിദ്യാലയങ്ങളും ശാക്തീകരിക്കപ്പെടുത്തുന്നത് ഈ ബജറ്റിലൂടെ ലക്ഷ്യമിടുന്നു. കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ, ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ, മികച്ച പഠനാന്തരീക്ഷം ഒരുക്കൽ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, കലാകായിക പോഷണ പദ്ധതികൾ, മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടികൾ, ഗ്രാമസഭകളിലും മറ്റ് പരിപാടികളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തൽ ഇങ്ങനെ കുട്ടികളിലേക്ക് ഇറങ്ങിച്ചെന്ന് അവരെ കേട്ട്

ആസൂത്രണം ചെയ്യുന്ന തരത്തിൽ പദ്ധതികൾ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഓരോ കുടുംബത്തിലേയും അമൂല്യമായ അംഗം കുട്ടിയാണ്. കുട്ടികളില്ലാത്ത കുടുംബ ജീവിതത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാൻ പോലുമാവില്ല. നമ്മുടെ ജീവിതത്തിന് പ്രതീക്ഷയും ചലനങ്ങളും സൃഷ്ടിക്കുന്നത് കുട്ടികളാണ്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അമൂല്യ സമ്പത്താണ് കുട്ടികൾ നല്ലവണ്ണം പരിപാലിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതോടൊപ്പം അന്തസും വിനയവുമുള്ള പെരുമാറ്റം കുട്ടികൾക്ക് ആവശ്യമാണ്. ഏതൊരു മുതിർന്ന വ്യക്തിയേയും പോലെ മേന്മയുള്ള മനുഷ്യരാണ് കുട്ടികൾ. കുട്ടികൾക്ക് ലഭിക്കുന്ന പരിചരണവും പിന്തുണയുമാണ് അവരുടെ ഭാവിയുടെ അടിത്തറ രൂപപ്പെടുത്തുന്നതും സമൂഹത്തിലെ അംഗമെന്ന നിലയിൽ മാനവിക വ്യക്തിത്വം രൂപപ്പെടുത്തുകയും ചെയ്യുന്നത്. ജീവിത വെല്ലുവിളികളെ നേരിടാനുള്ള കരുത്ത് ഇല്ലെന്നത് പോലെ സാമ്പത്തിക സ്രോതസ്സുകളും സേവനങ്ങളും സ്വായത്തമാക്കുന്നതിനും അവർക്ക് കഴിവില്ല. കുട്ടികൾക്ക് നേരെ എല്ലാത്തരം അതിക്രമങ്ങൾക്കും അവസരമൊരുക്കുന്നതിന് കാരണമിതാണ്. രോഗവും ഭക്ഷണ ദാരിദ്ര്യവും അവഗണനയും അതിക്രമവും ഉപേക്ഷയും എപ്പോഴും കുട്ടികൾക്ക് സംഭവിക്കാം. ശൈശവം, ബാല്യം, കൗമാര കാലയളവുകളിൽ കുട്ടികളുടെ ആവശ്യങ്ങളും ധർമ്മങ്ങളും വ്യത്യസ്തങ്ങളാണ്. കുട്ടികളുടെ ജീവനും വളർച്ചയ്ക്കും വികാസത്തിനും തടസ്സങ്ങൾ സൃഷ്ടിക്കുന്നത് ഈ സൗകര്യങ്ങളുടെ അഭാവമാണ്. പോഷകാഹാരപിന്തുണ, ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്, അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ തുടങ്ങി കുട്ടികളുടെ ആവശ്യത്തിനുതകുന്ന നിർമ്മാണവും പരിപാലനവും വായനശാലകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, കുട്ടികൾക്കായുള്ള

സമഗ്ര പരിപാടികൾ എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്തിന് ഇതുവരെയായി കഴിഞ്ഞിട്ടുണ്ട്. ഈ ഭരണസമിതിയുടെ കാലത്ത് തന്നെ കോട്ടയം ഗ്രാമപഞ്ചായത്തിനെ ഒരു മികച്ച ശിശുസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിന് ലക്ഷ്യമിടുന്നു.

ഒരു സമൂഹത്തെ നന്മയിലേക്ക് നയിക്കാനുള്ള പ്രധാന കണ്ണിയാണ് കുട്ടികൾ എന്നതാണ് പുതിയ കാലഘട്ടത്തിലെ കാഴ്ചപ്പാട് അതുകൊണ്ടുതന്നെ സ്ഥാപനങ്ങൾ ശിശു സൗഹൃദം ആകേണ്ടത് അനിവാര്യമാണ്. കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിക്കേണ്ടതിനോടൊപ്പം കുട്ടികളുടെ സർവ്വതോന്മുഖമായ വികസനവും അനിവാര്യമാണ്. എല്ലാ രംഗത്തും കുട്ടികളുടെ ഇടപെടലുകളും പങ്കാളിത്തവും വളരെ പ്രധാനപ്പെട്ടതാണ് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ അതിനെതിരെ നിലവിലെ നിയമത്തിന്റെ സാധ്യതകൾക്കൊപ്പം ജനങ്ങളുടെ പരിപൂർണ്ണ സഹകരണവും അത്യന്താപേക്ഷിതമാണ്. കൂടാതെ സമൂഹത്തിലെ രാഷ്ട്രീയ സാംസ്കാരിക സംഘടനകളുടെ ഇടപെടലുകളും വളരെയേറെ പ്രയോജനപ്പെടേണ്ടതാണ്. കളിക്കാനുള്ള ഇടങ്ങൾ, പ്രകൃതി സംരക്ഷണത്തിനും പാരിസ്ഥിതിക വിഷയങ്ങൾക്ക് ഇടപെടാനുള്ള ബോധവൽക്കരണം എന്നിവ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. ഇന്നത്തെ വിദ്യാലയങ്ങളിലെ കായിക സാധ്യതയുടെ കുറവ് നികത്തുന്നതിനും ശാസ്ത്രീയമായ രീതിയിൽ കുട്ടികളുടെ കഴിവ് മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. അതിൽ പഞ്ചായത്തുകളിലെ ക്ലബ്ബുകളും മറ്റ് സ്ഥാപനങ്ങളും ശിശുസൗഹൃദമാവേണ്ടതുണ്ട്.

കോട്ടയം ഗ്രാമപഞ്ചായത്തിലെ കുട്ടികളുടെ അവസ്ഥാ വിശകലനം നടത്തി തയ്യാറാക്കിയ പഠനത്തിൻറെ അടിസ്ഥാനത്തിൽ നിലവിലെ

എല്ലാ പ്രശ്നങ്ങളും പരിപരിക്കുന്നതിന് വിപുലമായ പദ്ധതികളും അതിലേക്കാവശ്യമായ വിഭവസമാഹരണവും നമ്മുക്ക് ആവശ്യമാണ്. കുട്ടികൾക്കായി 55 ലക്ഷം രൂപയാണ് നിലവിലെ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത് കോട്ടയം ഗ്രാമപഞ്ചായത്തിൻറെ നിലവിലെ സാഹചര്യത്തിൽ കൂടുതൽ വിഭവ സമാഹരണം നടത്തുന്നതിന് പരിധിയുണ്ട്. ഇതിലേക്ക് മറ്റ് മേഖലകളിലെ തുക മാറ്റി റിവിഷനിലൂടെ മാത്രമേ തുക കണ്ടെത്താൻ സാധിക്കുകയുള്ളൂ. പുതുതായി സന്നദ്ധ സംഘടനകളുടെയും ക്ലബ്ബുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും സേവനങ്ങളും സംഭാവനകളും സ്വച്ച് ഭാരത് അഭിയാൻ ഫണ്ട് എന്നിവയും പ്രതീക്ഷിക്കുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതയെ പ്രയോജനപ്പെടുത്തി കുട്ടികളുടെ മേഖലയിൽ കൂടുതൽ പദ്ധതികൾ ലക്ഷ്യമിടുന്നു. കോട്ടയം ഗ്രാമപഞ്ചായത്ത് ബാലസൗഹൃദമാക്കുന്നതിലേക്കായ് നിലവിലെ 55 ലക്ഷം രൂപയടക്കം രണ്ട് കോടി രൂപ ഇതിലേക്കായി വകയിരുത്തുന്നു. കുട്ടികളുടെ അതിജീവന മേഘലയിൽ 3998250(മുപ്പത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തി ഇരുന്നൂറ്റിയൻപത്) രൂപയും വികസന മേഖലയിൽ 15505750( ഒരു കോടി അൻപത്തിയഞ്ച് ലക്ഷത്തി അയ്യായിരത്തി എഴുന്നൂറ്റിയൻപത് രൂപയും സംരക്ഷണ മേഖലയിൽ 151000 (ഒരു ലക്ഷത്തിയൻപതിനായിരം ) രൂപയും പങ്കാളിത്ത മേഖലയിൽ 345000 (മൂന്ന് ലക്ഷത്തിനാല്പത്തിഅഞ്ചായിരം) രൂപയും നീക്കിവെയ്ക്കുന്നു. കുട്ടികളുടെ അതിജീവന മേഘലയിൽ 12 പ്രൊജക്ടുകളും വികസന മേഖലയിൽ 30 പ്രൊജക്ടുകളും പങ്കാളിത്ത മേഖലയിൽ 5 പ്രൊജക്ടുകളും സംരക്ഷണ മേഖലയിൽ 10 പ്രൊജക്ടുകളും ഉൾപ്പെടുത്തുന്നു.

കുട്ടികളിൽ കാർഷിക താത്പര്യം വളർത്തുക, ഭക്ഷ്യ സുരക്ഷയുടെ പ്രാധാന്യം ഉൾക്കൊള്ളുക, പോഷകാഹാര ലഭ്യത കുട്ടികൾക്ക് ഉറപ്പ്

വരുത്തുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളെ മുൻനിർത്തി കുട്ടിക്കൊരു കിടാവിനായി 60000 രൂപയും കുഞ്ഞുകരങ്ങളിൽ കുഞ്ഞുകോഴി പദ്ധതിക്കായി 85000 രൂപയും വകയിരുത്തുന്നു. ജന്തുജന്യ രോഗങ്ങളായ പേ വിഷബാധ, നിപ , പക്ഷിപ്പനി, മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന പല വിധത്തിലുള്ള അസുഖങ്ങളെപ്പറ്റി അറിവുണ്ടാകുന്നതിന് സ്കൂളുകളിൽ ബോധവത്കരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 20000 രൂപ വകയിരുത്തുന്നു. കുട്ടികളിൽ നിന്നും കാർഷിക സംസ്കാരം അന്യം നിന്നു പോകാതെ സംരക്ഷിക്കുക, കുട്ടികൾക്കിടയിൽ പച്ചക്കറി കൃഷിയിൽ താത്പര്യം ഉണ്ടാക്കിയെടുക്കുക, പോഷകമൂല്യമുള്ള വിഷരഹിത പച്ചക്കറിയുടെ പ്രാധാന്യം , കുട്ടികളും പ്രകൃതിയും തമ്മിലുള്ള ബന്ധം വളർത്തിയെടുക്കുക, പഠനത്തോടൊപ്പം കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുക, കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണശീലം ഉണ്ടാക്കിയെടുക്കുക, അങ്കണവാടികളിൽ പോഷകമൂല്യം നിറഞ്ഞ പച്ചക്കറി കൃഷി സാധ്യമാക്കുക എന്നീ ലക്ഷ്യത്തോടെ ആരോഗ്യത്തിന് ആഹാരം പദ്ധതിക്ക് 11250 രൂപയും ശലഭ ഉദ്യാനത്തിന് 10000 രൂപയും അങ്കണവാടികളിൽ പോഷകത്തോട്ടത്തിന് 76000 രൂപയും കുട്ടിക്കൊരു ഫലസസ്യത്തിന് 4000 രൂപയും വകയിരുത്തുന്നു. ഉല്പാദന മേഖലയിലെ പദ്ധതികൾ റിവിഷൻ ചെയ്താണ് ഇതിന് തുക കണ്ടെത്തുന്നത്.

കുട്ടികളിലുണ്ടാകുന്ന വിളർച്ച തടയുക, കുട്ടികളിലുണ്ടാകുന്ന പോഷകാഹാരക്കുറവ് കണ്ടെത്തുകയും അതിന് വേണ്ട പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുള്ള വിവ– അരുണാഭം പ്രോഗ്രാമിന് 50000 രൂപയും ലഹരി എന്ന കെണിയിൽ നിന്ന് നമ്മുടെ മക്കളെ സംരക്ഷിക്കുന്നതിനായും അമിതവാശി, ദേഷ്യം, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾ , മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികൾ എന്നിവരെ കണ്ടത്തി നടപടി സ്വീകരിക്കുന്നതിന് തിരികെ

ജീവിതത്തിലേക്ക് എന്ന പദ്ധതിക്ക്  20000 രൂപയും കുട്ടികളിലെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനും ക്ഷയരോഗം, അഞ്ചാംപനി, വില്ലൻചുമ, ടെറ്റനസ്, ഡിഫ്റ്റീരിയ പോലെയുള്ള മാരകരോഗങ്ങളെ പ്രതിരോധിക്കുന്നതിന് കുത്തിവെപ്പിൻറെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും കുത്തിവെയ്പ്പ് എടുക്കാൻ പ്രരിപ്പിക്കുന്നതിനും കുഞ്ഞുറുമ്പ് ആരോഗ്യം പദ്ധതിക്കായി 40000 രൂപയും കണ്ണിന്റെ അരോഗ്യം സംരക്ഷിക്കുക, മൊബൈൽ ഉപയോഗം കുറക്കുക എന്ന ലക്ഷ്യത്തോടെ നയനം – വിഷൻ 24 കൺമണി എന്ന പദ്ധതിക്കായി 10000 രൂപയും കുട്ടികളിലെ ശാരീരിക മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിന് എസ്സ് ഫോർ സ്റ്റാമിന അവധിക്കാല കായിക പരിശീലനം പദ്ധതിക്കായി 30000 രൂപയും വകയിരുത്തുന്നു. അലോപ്പതി മേഖലയിലെ പദ്ധതികൾ റിവിഷൻ ചെയ്താണ് ഇതിന് തുക കണ്ടെത്തുന്നത്. ആയുർവേദ മേഖലയിലെ പദ്ധതികൾ റിവിഷൻ ചെയ്ത് കുട്ടികളിലെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആയുർവേദ മരുന്ന് വിതരണത്തിനുള്ള ശക്തിമാൻ പദ്ധതിക്കായി 100000 രൂപയും വകയിരുത്തുന്നു.

അങ്കണവാടികളുടെ വികസനം മുൻനിർത്തിയുള്ള 18 ലക്ഷത്തിൻറെ വികസന പ്രവർത്തനങ്ങൾ ബജറ്റിലുൾപ്പെട്ടിട്ടുണ്ട്. അങ്കണവാടികളിലേക്ക് വെയിംങ്ങ് മെഷിൻ , പാത്രങ്ങൾ, മിക്സി എന്നിവയ്ക്കായി 110000 രൂപയും പ്രീ സ്കൂൾ ലേണിംങ്ങ് മെച്ചപ്പെടുത്തുന്നതിന് മെറ്റീരിയൽ മേക്കിംങ്ങ്  ക്യാമ്പ് നടത്തുന്നതിന്  60000 രൂപയും ഭാരക്കുറവ് ഉള്ള കുട്ടികളെ കണ്ടത്തി അവർക്ക് സ്പെഷൽ ഡയറ്റ് പ്രകാരം ഭക്ഷണം നല്കുന്നതിന് 5 ലക്ഷം രൂപയും വകയിരുത്തുന്നു. ബാലസൗഹൃദ ബോർഡുകൾ സ്ഥാപിക്കുന്നതിന്  50000 രൂപയും ജാഗ്രതാ സമിതി ബോർഡുകൾ സ്ഥാപിക്കുന്നതിന്  56000 രൂപയും

നീക്കിവെക്കേണ്ടതുണ്ട്. കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടെ വികസന സെമിനാർ, ബാല പഞ്ചായത്ത് എന്നിവയ്ക്കായി 25000 രൂപ വരയിരുത്തുന്നു. അങ്കണവാടി മെയിന്റനൻസിനായി 3 ലക്ഷം രൂപ കൂടുതലായും അങ്കണവാടി റാമ്പ് നിർമ്മാണത്തിന് 3 ലക്ഷം രൂപയും വകയിരുത്തുന്നു.

ബാലസഭാ പ്രവർത്തനങ്ങൾക്കായി 60000 രൂപയും സഞ്ചരിക്കുന്ന ബാലലൈബ്രറി തുടർപ്രവർത്തനങ്ങൾക്കായി 5000 രൂപയും വകയിരുത്തുന്നു. ശുചിത്വ മാലിന്യ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളിലെ പങ്കാളിത്തവും വിദ്യാലയങ്ങളെ ഹരിത വിദ്യാലയമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ഗ്രീൻ പോലീസ് കേഡറ്റ് എന്ന പദ്ധതിക്കായി 75000 രൂപ വകയിരുത്തുന്നു.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അങ്കണവാടി കിണർ റീച്ചാർജ്ജിങ്ങിനായി 2 ലക്ഷം രൂപയും അങ്കണവാടികളിൽ ന്യൂട്രി ഗാർഡൻ നിർമ്മാണത്തിനായി 1 ലക്ഷം രൂപയും കുട്ടികളുടെ കുളം നിർമ്മാണത്തിന് 40 ലക്ഷം രൂപയും ശിശുസൗഹൃദ ടോയ് ലെറ്റ് നിർമ്മാണത്തിന് 12 ലക്ഷം രൂപയും അങ്കണവാടി റോഡ് കോൺക്രീറ്റിംങ്ങ്, സ്കൂൾ റോഡ് കോൺക്രീറ്റിംങ്ങ്, കുട്ടികളുടെ പാർക്ക് നവീകരണം എന്നിവയ്ക്കായി 45 ലക്ഷം രൂപയും വകയിരുത്തുന്നു.

ഈ വർഷത്തെ പദ്ധതികളിൽ ശിശുസൗഹൃദ ബജറ്റിന് അനുസൃതമായി മാറ്റങ്ങൾ വരുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയെടുക്കേണ്ടതുണ്ട്. നൂതന പ്രൊജക്ടുകളടക്കമുള്ള എല്ലാ പ്രൊജക്ടുകളുടെയും അംഗീകാരം നേടിയെടുക്കുന്നതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്. കോട്ടയം ഗ്രാമപഞ്ചായത്തിനെ ഒരു മികച്ച ശിശുസൌഹൃദ പഞ്ചായത്താക്കുന്നതിന് ഉതകുന്ന രീതിയിൽ ഈ ശിശുസൌഹൃദ ബഡ്ജറ്റിങ്ങിനെ പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

20 ലക്ഷം രൂപ മാത്രമാണ് റിവിഷൻ ബജറ്റിൽ അധികമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലേക്ക് 24,80,01,604 രൂപ വരവും 24,55,57,600 രൂപ ചെലവും 24,44,004 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന റിവൈസ്ഡ് ബജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബജറ്റ് നിങ്ങളുടെ അംഗീകാരത്തിനായ് സമർപ്പിക്കുന്നു.

| | | |
|---|---|---|
| | കോട്ടയം ഗ്രാമപഞ്ചായത്ത് 2024-25 വർഷത്തെ ശിശുസൗഹൃദ ബജറ്റ് പദ്ധതികൾ | |
| | **അതിജീവനം** | |
| 1 | വിവ- അരുണാഭം - കുട്ടികളിലെ വിളർച്ച തടയൽ | 50000 |
| 2 | ഹാപ്പി മോം  പദ്ധതി | 100000 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിട്ടവർക്ക് സ്കോളർഷിപ്പ് | 911000 |
| 4 | ബാലസഭാകുട്ടികൾക്ക് ഫുട്ബോൾ പരിശീലനം സ്റ്റാമിന 2024 | 40000 |
| 5 | അങ്കണവാടി പോഷകാഹാരം | 2000000 |
| 6 | ശിശുമന്ദിരം  പോഷകാഹാരം | 50000 |
| 7 | ഭിന്നശേഷി കുട്ടികൾക്ക് കേൾവി ഉപകരണങ്ങൾ നല്കൽ | 50000 |
| 8 | അരോഗ്യത്തിന് ആഹാരം | 11250 |
| 9 | അങ്കണവാടികളിൽ പോഷകത്തോട്ടം | 76000 |

| | | |
|---|---|---|
| 10 | ഭാരക്കുറവ് ഉള്ള കുട്ടികളെ കണ്ടത്തി അവർക്ക് സ്പെഷൽ ഡയറ്റ് പ്രകാരം ഭക്ഷണം നല്കൽ | 500000 |
| 11 | കുട്ടികളിലെ രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ആയുർവേദ മരുന്ന് വിതരണത്തിനുള്ള ശക്തിമാൻ പദ്ധതി | 100000 |
| 12 | അങ്കണവാടികളിലേക്ക് വെയിംങ്ങ് മെഷിൻ , പാത്രങ്ങൾ, മിക്സി എന്നിവ വാങ്ങൽ | 110000 |
| | **ആകെ അതിജീവനം** | **3998250** |
| | **വികസനം** | |
| 1 | കുട്ടിക്കൊരു കിടാവ് | 60000 |
| 2 | കുഞ്ഞുകരങ്ങളിൽ കുഞ്ഞുകോഴി | 85000 |
| 3 | കുട്ടിക്കൊരു ഫലസസ്യം | 4000 |
| 4 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 400000 |
| 5 | എസ്സ്എസ്സ കെ വിഹിതം നല്കൽ | 700000 |
| 6 | സ്കൂളുകളിൽ പത്ര വിതരണം | 25000 |
| 7 | സമഗ്ര തുടർ വിദ്യഭ്യാസ പദ്ധതി | 60000 |
| 8 | പത്താമുദയം – സമ്പൂർണ്ണ സെക്കൻററി വിദ്യഭ്യാസം – | 50000 |
| 9 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 |
| 10 | കോട്ടയം അങ്കണവാടി പുനരുദ്ധാരണം | 30000 |
| 11 | മൌവ്വേരി അങ്കണവാടി വൈഫൈ കണക്ഷൻ – വാടക | 6000 |
| 12 | കുട്ടികൾക്ക് യോഗ പരിശീലനം | 100000 |

| | | |
|---|---|---|
| 13 | പെൺകുട്ടികൾക്ക് കളരി പരിശീലനം | 100000 |
| 14 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 111748 |
| 15 | ശലഭോദ്യാനം | 10000 |
| 16 | കുട്ടികൾക്ക് നീന്തൽ പരിശീലനം | 30000 |
| 17 | എസ്സ് ഫോർ സ്റ്റാമിന – കുട്ടികൾക്ക് അവധിക്കാല കായിക പരിശീലനം | 30000 |
| 18 | അങ്കണവാടികളിൽ ഭിന്ന ശേഷി സൗഹൃദ റാമ്പ് നിർമ്മാണം | 300000 |
| 19 | വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണി | 300000 |
| 20 | അങ്കണവാടി കിണർ റീച്ചാർജ്ജ് | 200000 |
| 21 | അങ്കണവാടികളിൽ സോക്ക് പിറ്റ് നിർമ്മാണം | 200000 |
| 22 | അങ്കണവാടികളിൽ ന്യൂട്രി ഗാർഡൻ നിർമ്മാണം | 100000 |
| 23 | കുട്ടികളുടെ കുളം നിർമ്മാണം | 4000000 |
| 24 | ശിശുസൗഹൃദ ടോയ് ലെറ്റ് നിർമ്മാണം | 1200000 |
| 25 | അങ്കണവാടി റോഡ് കോൺക്രീറ്റിംങ്ങ്, | 2500000 |
| 26 | സ്കൂൾ റോഡ് കോൺക്രീറ്റിംങ്ങ് | 1500000 |
| 27 | കുട്ടികളുടെ പാർക്ക് നിർമ്മാണം | 500000 |
| 28 | സ്കൂളുകളിൽ ശാസ്ത്ര മാസിക വിതരണം | 25000 |
| 29 | വിദ്യാലയ പിന്തുണ – ടീച്ചേഴ്സ് ട്രയിനിംങ്ങ് | 25000 |
| 30 | കുട്ടികളുടെ കുളം നിർമ്മാണം സ്ഥലം വാങ്ങൽ | 2654002 |
| | **ആകെ വികസനം** | **15505750** |

| | | |
|---|---|---|
| | **സംരക്ഷണം** | |
| 1 | തിരികെ ജീവിതത്തിലേക്ക് – ലഹരി വിമുക്തം | 20000 |
| 2 | കുഞ്ഞുറുമ്പ് ആരോഗ്യം – പ്രതിരോധ കുത്തിവെപ്പ് | 40000 |
| 3 | നയനം – വിഷൻ 24 കൺമണി | 10000 |
| 4 | ജാഗ്രതാ സമിതി ബോർഡുകൾ സ്ഥാപിക്കൽ | 56000 |
| 5 | ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി – ബോധവത്ക്കരണ പരിപാടി | 25000 |
| | **ആകെ സംരക്ഷണം** | **151000** |
| | **പങ്കാളിത്തം** | |
| 1 | ജന്തുജന്യ രോഗങ്ങളായ പേ വിഷബാധ, നിപ പക്ഷിപ്പനി അസുഖങ്ങളെപ്പറ്റി അറിവുണ്ടാകുന്നതിന് സ്കൂളുകളിൽ ബോധവത്കരണ ക്യാമ്പ് | 20000 |
| 2 | ഭിന്നശേഷി കലോത്സവം | 50000 |
| 3 | ബാലസഭാ പഞ്ചായത്ത് തുടർ പ്രവർത്തനങ്ങൾ | 60000 |
| 4 | പ്രീ സ്കൂൾ ലേണിംങ്ങ് മെച്ചപ്പെടുത്തുന്നതിന് മെറ്റീരിയൽ മേക്കിംങ്ങ് ക്യാമ്പ് | 60000 |
| 5 | ബാലസൗഹൃദ ബോർഡുകൾ സ്ഥാപിക്കൽ | 50000 |
| 6 | സഞ്ചരിക്കുന്ന ബാലലൈബ്രറി തുടർപ്രവർത്തനം | 5000 |
| 7 | ഗ്രീൻ പോലീസ് കേഡറ്റ് പദ്ധതി | 75000 |

| | | |
|---|---|---|
| 8 | കുട്ടികളുടെ ഗ്രാമസഭ | 5000 |
| 9 | കുട്ടികളുടെ വികസന സെമിനാർ | 5000 |
| 10 | ബാല പഞ്ചായത്ത് | 15000 |
| | **ആകെ പങ്കാളിത്തം** | **345000** |
| | **ശിശുക്കൾക്കായി ആകെ വകയിരുത്തിയത്** | **20000000** |
| | | |